**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** — **23-02-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള വാഹന പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി പ്രകാരം സർക്കാർ വാഹനങ്ങൾക്ക് മാത്രമാണോ പരിരക്ഷ നൽകി വരുന്നത്; | (എ) | സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേണ്ടിയുള്ള ലൈഫ് ഇൻഷുറൻസ് പദ്ധതിയാണ്; വാഹനങ്ങൾക്ക് പരിരക്ഷ നൽകുന്നതിനുവേണ്ടിയുള്ള ഇൻഷുറൻസ് പദ്ധതിയല്ല. |
| (ബി) | എങ്കിൽ സ്വകാര്യ വാഹനങ്ങൾക്കും പ്രസ്തുത പദ്ധതിയിലൂടെ പരിരക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ബി) | സർക്കാർ വാഹനങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കും, സർക്കാർ/പൊതു മേഖല സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് വാങ്ങിയ സ്വകാര്യ വാഹനങ്ങൾക്കും സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ജനറൽ ഇൻഷുറൻസ് (മോട്ടോർ) പോളിസികൾ മുഖേന നിലവിൽ പരിരക്ഷ നൽകുന്നുണ്ട്. 1972-ലെ ജനറൽ ഇൻഷ്വറൻസ് ബിസിനസ് നാഷണലൈസേഷൻ ആക്റ്റിലെ 36(1)(എ) വകുപ്പ് പ്രകാരം Lender, Guarantor, Share holder എന്നീ നിലകളിൽ സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് മാത്രമേ സംസ്ഥാന ഇൻഷുറൻസ് വകുപ്പിന് അധികാരമുള്ളൂ. |

സെക്ഷൻ ഓഫീസർ